## പതിനാലാം കേരള നിയമസഭ

## ഏഴാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 3537** | **22/08/2017-ൽ മറുപടിക്ക്**

### മാധ്യമങ്ങളിൽ മരുന്നുകളുടെ പരസ്യങ്ങൾ

**ചോദ്യം**

**ശ്രീ.എ. പ്രദീപ്കുമാർ**

എ) മാധ്യമങ്ങളിൽ മരുന്നുകളുടെ പരസ്യങ്ങൾ വൻതോതിൽ വരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

ബി) ഡോക്ടർമാരുടെ നിർദ്ദേശമില്ലാതെ പരസ്യങ്ങളുടെ അടിസ്ഥാനത്തിൽ രോഗികൾ ഇത്തരം മരുന്നുകൾ ഉപയോഗിക്കുന്നത് ഗുരുതരമായ ആരോഗ്യ പ്രശ്നങ്ങൾക്ക് ഇടവരുത്തുമെന്നതിനാൽ ഇത്തരം പരസ്യങ്ങൾ നിരോധിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ;

സി) മരുന്നുകൾക്ക് പരസ്യം നൽകാൻ പാടില്ലെന്ന നിയമം നിലവിലുണ്ടോ; വ്യക്തമാക്കാമോ?

**മറുപടി**

**ശ്രീമതി.കെ.കെ.ശൈലജ ടീച്ചർ**
(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി)

എ) യും ബി) യും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

കേന്ദ്രസർക്കാർ പൊതുജന താല്പര്യാർത്ഥം നിയമാനുസൃതമായി അനുവദിച്ചിട്ടുള്ളതും നാമമാത്രമായതുമായ മരുന്നുകളുടെ പരസ്യങ്ങൾ മാത്രമാണ് അലോപ്പതി വിഭാഗത്തിൽ നിലവിൽ കണ്ടുവരുന്നത്. ആയുർവേദ മരുന്നുകൾക്ക് ഇത്തരമൊരു നിയന്ത്രണം ഇല്ലാത്തതിനാൽ പരമ്പരാഗത മരുന്നുകളൊഴിച്ച് മറ്റുള്ളവയെല്ലാം തന്നെ (പേറ്റന്റ് & പ്രൊപ്രൈറ്ററി മെഡിസിൻസ്) പരസ്യങ്ങൾ വഴിയാണ് പ്രധാനമായും വിൽക്കപ്പെടുന്നത്. ഇത്തരം മരുന്നുകളെല്ലാം തന്നെ ഡ്രഗ്സ് & മാജിക് റെമഡീസ് ഒബ്ജക്ഷണബിൾ അഡ്വർടൈസ്മെന്റ് ആക്ട് (ഡി.എം.ആർ.ഒ (എ)) അനുശാസിക്കുന്ന രീതിയിൽ തന്നെയാണ് പരസ്യം ചെയ്യപ്പെടുന്നതെന്ന് ഡ്രഗ്സ് കൺട്രോൾ വകുപ്പ് നിരന്തരം നിരീക്ഷിച്ച് ഉറപ്പ് വരുത്തുന്നുണ്ട്. പ്രസ്തുത ആക്ടിന് വിരുദ്ധമായി പരസ്യങ്ങൾ ചെയ്യുന്നവർക്കെതിരെ ഡ്രഗ്സ് കൺട്രോൾ വകുപ്പ് നടപടികൾ സ്വീകരിക്കുന്നുണ്ട്. എന്നാൽ പേറ്റന്റ് & പ്രൊപ്രൈറ്ററി മെഡിസിൻസ് വിഭാഗത്തിൽപ്പെടുന്ന ആയുർവേദ ഔഷധങ്ങളുടെ സമ്പൂർണ്ണമായ പരസ്യ നിരോധനം നിയമനിർമ്മാണത്തിലൂടെ മാത്രമേ സാധ്യമാവുകയുള്ളൂ.

സി) കേന്ദ്ര നിയമമായ ഡ്രഗ്സ് & മാജിക് റെമഡീസ് ഒബ്ജക്ഷണബിൾ അഡ്വർടൈസ്മെന്റ് ആക്ട് (ഡി.എം.ആർ.ഒ (എ)), 1955 പ്രകാരമാണ് മരുന്നുകളുടെ പരസ്യങ്ങൾ നിയന്ത്രിക്കുന്നത്. ഈ ആക്ടിലെ വ്യവസ്ഥകൾ പാലിച്ചാണ് പരസ്യങ്ങൾ പ്രസിദ്ധീകരിക്കുന്നതെന്ന് ഡ്രഗ്സ് കൺട്രോൾ വകുപ്പ് ഉറപ്പ് വരുത്തുന്നുണ്ട്.

**സെക്ഷൻ ഓഫീസർ**